II ഇ.ബി. XII- കേരള നിയമസഭ/XVII-3

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 9, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

7 (*61) **വാഹനത്തിരക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസ്സുകൾ**

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, തിരക്കേറിയ നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് 25 ബൈപ്പാസുകൾ കൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയതിൽ ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത 6 ബൈപ്പാസുകളുടെ പ്രവൃത്തി അന്തിമഘട്ടത്തിലാണെന്നും പെരുമ്പാവൂർ ബൈപ്പാസ്, നിലമ്പൂർ ബൈപ്പാസ് എന്നിവ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ടെന്നും ബാക്കിയുള്ള പ്രവൃത്തികളുടെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 23 ബൈപ്പാസുകൾ ദേശീയപാതാ വികസന പദ്ധതിയിൽ

ഉൾപ്പെടുത്തി പൂർത്തിയാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 24 ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് 147.32 കോടി രൂപയും ടൂറിസം വിഭാഗത്തിൽപ്പെടുത്തി തലശ്ശേരി ബൈപ്പാസിന് 6.75 കോടി രൂപയും ഉൾപ്പെടെ 154.07 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കേണ്ട ബൈപ്പാസ് റോഡുകളുടെ ലാന്റ് അക്വിസിഷൻ നടപടികൾ ഫാസ്റ്റ് ട്രാക്ക് സ്ക്കീമിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. തലസ്ഥാന നഗരിയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണെന്നും റോഡുകളുടെ വികസനം, ജംഗ്ഷനുകളുടെ വികസനം, ഫ്ളൈ ഓവർ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിവരുന്നുണ്ടെന്നും മുണ്ടക്കയം ബൈപ്പാസിന് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 2 കോടി രൂപയുടെ പ്രവർത്തിക്കുള്ള ഭരണാനുമതി നൽകി ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞുവെന്നും പണി പരമാവധി നേരത്തെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമെന്നും കരമന-കളിയിക്കാവിള ബൈപ്പാസ്സിനായി 645 കോടി രൂപയുടെ ഒരു പാക്കേജ് തയ്യാറാക്കി 29 കിലോ മീറ്റർ റോഡ് 30.2 മീറ്റർ വീതിയിൽ നാലുവരി പാതയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആദ്യഘട്ടമെന്ന നിലയിൽ 100 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും 12 കിലോമീറ്ററിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നുവരികയാണെന്നും എറണാകുളത്തെ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പേറേഷനെ

ഏൽപ്പിച്ചിട്ടുണ്ടെന്നും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പുതുതായി നിർമ്മിക്കുന്ന റോഡുകളിലെല്ലാം ബസ് ബേകൾ ഉറപ്പുവരുത്തിക്കൊണ്ടുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും എല്ലാ ചുരങ്ങളും ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനം നടത്താനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും രണ്ട് ചുരങ്ങളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

8 (*62) <u>കെ.എസ്. ടി.പി. രണ്ടാംഘട്ട പദ്ധതി</u>

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്നും 1,031 കോടി രൂപയ്ക്കുള്ള വായ്പയാണ് കേന്ദ്ര ധനമന്ത്രാലയം ലോകബാങ്കിന് ശുപാർശ ചെയ്തിട്ടുള്ളതെന്നും സഭയെ അറിയിച്ചു. പദ്ധതിയുടെ പ്രധാന ഘടകമായ റോഡ് പുനരുദ്ധാരണ ത്തിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനപാതകളുടെ സ്ഥലമെടുപ്പ് 98 ശതമാനം പൂർത്തീകരിക്കുകയും റോഡുകളുടെ വിശദമായ പഠനങ്ങൾ കൺസൾട്ട ൻസികൾ മുഖേന നടത്തുകയും ചെയ്തു. രണ്ടാംഘട്ട പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ 10.4.2009-ൽ 1,356 കോടി രൂപ വായ്പയെടുക്കുന്ന തിനുള്ള അനുമതി നൽകുകയും പദ്ധതിയുടെ പ്രാഥമിക രൂപരേഖയു ണ്ടാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പദ്ധതി നടപ്പിലാ ക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിനും വിശദമായ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിനുമുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നുണ്ടെന്നും ലോകബാങ്ക് അംഗീകാരം ലഭിച്ചതിനുശേഷമേ സംസ്ഥാന വിഹിതം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂവെന്നും മന്ത്രി അറിയിച്ചു.

രണ്ടാംഘട്ട പദ്ധതിയിൽ എട്ട് റോഡുകളുടെ പ്രവൃത്തികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചതെന്നും റോഡുകളുടെ നിർമ്മാണത്തിൽ ക്വാളിറ്റി കൺട്രോളിനുള്ള സംവിധാനം ഉണ്ടാക്കുമെന്നും സംസ്ഥാനത്ത് അഞ്ച് വർഷ ത്തിലൊരിക്കൽ മാത്രം റോഡ് പണി എന്നൊരു നയം ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 9 (*63) <u>മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) നൽകിയ മറുപടിയിൽ, മോട്ടോർ വാഹന വകുപ്പിൽ നടപ്പു സാമ്പത്തിക വർഷം ഹാൻഡ് ഹെൽഡ് റഡാറുകൾ, ഇന്റർസെപ്റ്ററുകൾ, വാഹനങ്ങൾ എന്നിവ വാങ്ങൽ, റഡാർ സർവ്വലൻസ് സംവിധാനവും റോഡ് സുരക്ഷാ നടപടികളും ഇ-ഗവേ ണൻസും നടപ്പിലാക്കൽ, ഡ്രൈവർ പരിശീലന കേന്ദ്രവും വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റിംഗ് കേന്ദ്രങ്ങളും സ്ഥാപിക്കൽ, മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വാഹനങ്ങളുടെ അമിത വേഗത തടയുന്നതിനായി സ്പീഡ് ട്രേസറുകൾ, ഇന്റർസെപ്റ്ററുകൾ തുടങ്ങിയ എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി. റഡാർ സർവ്വ ലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഡൈവർമാർക്ക് വേണ്ടി ആധുനിക രീതിയിലുള്ള പരിശീലന ഗവേഷണ കേന്ദ്രം തുടങ്ങുവാൻ തീരു മാനിക്കുകയും അതിനാവശ്യമായ സ്ഥലം കെ.എസ്.ആർ.ടി.സി. മോട്ടോർ വാഹന വകുപ്പിന് കൈമാറുകയും തറക്കല്ലിടുകയും ചെയ്തിട്ടുണ്ട്. ഈ

കേന്ദ്രം താൽക്കാലികമായി കോഴിക്കോട് ചേവായൂരിൽ വകുപ്പിന്റെ സ്വന്തം സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്. 1985 –ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ മാറ്റാനുള്ള പ്രൊപ്പോസൽ മോട്ടോർ വാഹന വകുപ്പ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഒരു ജോയിന്റ് ആർ.ടി.ഒ.ആഫീസ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് ടെസ്റ്റ് നടത്തുമ്പോൾ ഏകീകൃതമായ മൂല്യനിർണ്ണയം നടത്തുന്നതിന് ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗ് ട്രാക്കുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ഇ-പേയ്മെന്റ് നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായതിലൂടെ വകുപ്പിലുള്ള അഴിമതിക്ക് ഗണ്യമായ കുറവ് വരുത്താൻ കഴിയുമെന്നും റോഡ് സുരക്ഷയിൽ കൂടുതൽ കാര്യക്ഷമത നേടുവാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്ക്കൂളുകളിൽ ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടെന്നും. മറ്റ് സേവന സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വ്യാപകമായി അത്തരത്തിലുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു വരുന്നുണ്ടെന്നും ടിപ്പർ ലോറികൾമൂലമുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ ടിപ്പർ ലോറികൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസ് തുടർന്നും ലഭ്യമാകണമെങ്കിൽ പരിശീലനത്തിന് വിധേയമാകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10 (*64) <u>വികലാംഗ പുനരധിവാസ പദ്ധതി</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പമന്ത്രിക്കുവേണ്ടി (വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, വികലാംഗർക്കായി ജില്ലകൾതോറും മെഡിക്കൽ ക്യാമ്പുകൾ നടത്തി സഹായോപകരങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാഹനം വാങ്ങുന്നതിന് വികലാംഗർക്കുള്ള സബ്സിഡിയും വികലാംഗരുടെ സ്വയംസഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായവും ലോട്ടറി വിൽപ്പന നടത്താൻ സാമ്പത്തിക സഹായവും വൈകല്യമുളളവർക്ക് വേണ്ടി മത്സരപരീക്ഷകൾക്കുള്ള കോച്ചിംഗ്-കം-ഗൈഡൻസും അംഗവൈകല്യമുളളവർക്കുള്ള പ്രൊഫിഷ്യൻസി അവാർഡും സ്വയം തൊഴിൽ ചെയ്യുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പയും അംഗവൈകല്യമുളള കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതിയും പട്ടിക ജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വികലാംഗർക്ക് തൊഴിൽ പരിശീലനവും നൽകുന്നതിനും വികലാംഗരായ വയോജനങ്ങൾക്കായി തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ വൃദ്ധസദനം നടത്തുന്നതിനും വയോജന ങ്ങൾക്കും വികലാംഗർക്കും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതിക്കുംവേണ്ടി നടപ്പു സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൻ കീഴിൽ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് 140 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴിയും പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ബുദ്ധി പരമായ വൈകല്യമുളളവരുടെ രക്ഷിതാക്കൾക്ക് ഉദ്യോഗ സംവരണം നൽകു

ന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്നും വികലാംഗർക്കായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സംവരണപ്രകാരമുള്ള ഒഴിവുകൾ അവർക്കുതന്നെ ലഭിക്കാൻ കർശന നിർദ്ദേശം നൽകുന്നുണ്ടെന്നും ഓരോ വകുപ്പിലും ഇതുസംബന്ധിച്ച പരിശോധന നടത്തുമന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 445 മുതൽ 689 വരെയുള്ള ചോദ്യങ്ങളിൽ 109 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)